**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 27** | **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡിന്റെ മൂന്നാം തരംഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡിന്റെ മൂന്നാം തരംഗത്തിന് സാധ്യതയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മൂന്നാം തരംഗ സാദ്ധ്യതയെക്കുറിച്ച് കൃത്യമായ അറിയിപ്പുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ലെങ്കിലും, രോഗികളുടെ എണ്ണം കൂടുതൽ ആകുന്ന സാഹചര്യം നേരിടുന്നതിനുവേണ്ട മുന്നൊരുക്കങ്ങൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. രോഗസാധ്യത കൂടിയ 60 വയസ്സിനു മുകളിൽ പ്രായം ചെന്നവർ, ഗർഭിണികൾ, ചെറിയ കുട്ടികൾ, ഭിന്നശേഷിക്കാർ, കാൻസർ, ഹൃദ്രോഗം, വൃക്കസംബന്ധമായ അസുഖങ്ങൾ എന്നിങ്ങനെ ഗുരുതരമായ രോഗബാധയുള്ളവർ, കിടപ്പ് രോഗികൾ എന്നിവരെ കൊറോണ രോഗികളുമായുള്ള സമ്പർക്കം ഒഴിവാക്കുന്നതിനായി റിവേഴ്സ് ക്വാറന്റൈൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ചികിത്സയിലും നിരീക്ഷണത്തിലുമുള്ളവർക്ക് മാനസിക പിന്തുണ ഉറപ്പാക്കുന്നതിനും, മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ മാനസികാരോഗ്യം പദ്ധതിയുമായി ബന്ധപ്പെട്ട് "ഒറ്റയ്ക്കല്ല – ഒപ്പമുണ്ട്" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കോവിഡ് ക്ലസ്റ്ററുകൾ പ്രത്യേകം കണ്ടെത്തുകയും അവിടെ കണ്ടെയിൻമെന്റ് സോണുകൾ തിരിച്ച് വ്യാപനം തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കോവിഡ് പ്രതിരോധ വാക്സിനുകൾ പരമാവധി ആളുകളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് ആശുപത്രികളിൽ അധിക മാനവ വിഭവശേഷിയും, അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ / സ്വകാര്യ ആശുപത്രികളിൽ കൂടുതൽ ICU കിടക്കകളും, വെന്റിലേറ്റർ സൗകര്യങ്ങളും, ഓക്സിജൻ ബെഡുകളും സജ്ജീകരിച്ചിട്ടുണ്ട്. ആശുപത്രികൾക്കാവശ്യമായ ഓക്സിജൻ ലഭ്യത ഉറപ്പ |

വരുത്തുന്നതിനായി സംസ്ഥാന/ജില്ലാ തലങ്ങളിൽ വാർറൂമുകൾ ക്രമീകരിച്ചിട്ടുണ്ട്. ഓക്സിജൻ ലഭ്യത തടസ്സപ്പെടാതിരിക്കുന്നതിനായി ഓക്സിജൻ പ്ലാന്റുകളും സ്ഥാപിച്ചു വരുന്നുണ്ട്. ഓക്സിജൻ ഓഡിറ്റും സ്ഥാപന തലത്തിൽ നടത്തി വരുന്നു. സ്വകാര്യ ആശുപത്രികളിലെ 50% കിടക്കകൾ കോവിഡ് രോഗികൾക്കായി മാറ്റി വയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ സർക്കാർ ആശുപത്രികളെ കോവിഡ് ആശുപത്രികളാക്കി മാറ്റുന്നതിനാവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയുള്ള DCC, CFLTC, CSLTC എന്നിവയുടെ എണ്ണവും കിടക്കകളുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്. ദൈനംദിന കോവിഡ് പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. ഒരു ലക്ഷത്തിനു മുകളിൽ പ്രതിദിന ടെസ്റ്റുകൾ നടത്തി വരുന്നുണ്ട്. ജനിതകമാറ്റം സംഭവിച്ച വൈറസുകളുടെ ട്രാൻസ്മിഷൻ കണ്ടെത്തുന്നതിന് Sentinal Surveillance Site ആരംഭിച്ചു. സാമ്പിളുകൾ NIV- പൂനെ, IGIB – ഡൽഹി, RGCB – തിരുവനന്തപുരം എന്നിവിടങ്ങളിൽ അയച്ച് പരിശോധിച്ചു വരുന്നു. കോവിഡുമായി ബന്ധപ്പെട്ട മ്യൂക്കർ മൈക്കോസിസ് (ബ്ലാക്ക് ഫംഗസ്) രോഗബാധയുടെ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി 16-05-2021 ന് ടെക്നിക്കൽ ഗൈഡ്‌ലൈൻ സർക്കാർ തലത്തിൽ പുറപ്പെടുവിക്കുകയും അത് പിൻതുടരുകയും ചെയ്തു വരുന്നു. കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മ്യൂക്കർ മൈക്കോസിസ് രോഗങ്ങളെപ്പറ്റി വിശദമായ പഠനങ്ങൾക്കായി വിവിധ മേഖലകളിലെ ആരോഗ്യ വിദഗ്ധരെ ഉൾക്കൊള്ളിച്ച് 27-05-2021 ന് സർക്കാർ തലത്തിൽ കമ്മിറ്റി രൂപീകരിച്ച് പഠനം ആരംഭിച്ചിട്ടുണ്ട്. ബ്ലാക്ക് ഫംഗസ് ചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ ലഭ്യതയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം ഉറപ്പാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലെയും സർക്കാർ / സ്വകാര്യ ആശുപത്രികളിലെയും, ഡോക്ടർമാർക്കും, ജീവനക്കാർക്കും ICU / വെന്റിലേറ്റർ ട്രെയിനിംഗ്, ബ്ലാക്ക് ഫംഗസ്, ഇൻഫെക്ഷൻ കൺട്രോൾ എന്നിവയിൽ നിരന്തരം പരിശീലനം നൽകി വരുന്നു. കോവിഡേതര രോഗികളെ ചികിത്സിക്കുന്നതിനായി E-Sanjeevani Tele Consultation Platform സജ്ജീകരിക്കുകയും ഇതുവഴി വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ഈ സേവനം വീടുകളിൽ ചികിത്സയിൽ കഴിയുന്ന കോവിഡ് രോഗികൾക്കും ലഭ്യമാണ്. കോവിഡ് മുക്തരായവരുടെ ആരോഗ്യ

| | | | |
|---|---|---|---|
| | | | പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പി.എച്ച്.സി./ സി.എച്ച്.സി. തലങ്ങളിൽ പ്രവർത്തിച്ചുവരുന്നു. താലൂക്ക് / ജില്ലാ / ജനറൽ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും പോസ്റ്റ് കോവിഡ് റഫറൽ ക്ലിനിക്കുകളും പ്രവർത്തിച്ചു വരുന്നു. ജീവനക്കാർക്കും, പൊതുജനങ്ങൾക്കും അവബോധം നൽകുന്നതിനായി എല്ലാ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നിരന്തരമായി നടത്തി വരുന്നു. മൂന്നാം തരംഗത്തിൽ രോഗം കുട്ടികളെയും ബാധിക്കുമെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. അതോടൊപ്പം identification, testing, tracking, tracing, quarantine, treatment എന്നിങ്ങനെ വ്യാപനം തടയുന്നതിന് ആവശ്യമായ എല്ലാ കാര്യങ്ങളും നടത്തി വരുന്നു. കൂടാതെ ശിശുരോഗ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. അതിനായി പരിശോധനയും നിരീക്ഷണവും ഫലപ്രദമായി നടത്തുകയും തൃതീയ തലത്തിലുള്ള ആശുപത്രികളിൽ care & support unit, HDUs, Paediatric ICUs എന്നിവ സജ്ജമാക്കും. അതോടൊപ്പം ശിശുരോഗവിഭാഗത്തിന്റെ ചികിത്സയ്ക്കായി പ്രത്യേക പ്രോട്ടോക്കോൾ പുറപ്പെടുവിക്കുകയും ഇക്കാര്യത്തിൽ അവബോധം സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കോവിഡിന്റെ മൂന്നാം തരംഗം ഉണ്ടായാൽ അതിനെ നേരിടുന്നതിനായി ആരോഗ്യ സംവിധാനങ്ങൾ സജ്ജമാക്കി നിർത്തുന്നതിനായി 6 ഇനങ്ങൾ അടങ്ങുന്ന ഒരു കർമ്മ പരിപാടിയ്ക്ക് 2021-22 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. |
| (ബി) | എങ്കിൽ മൂന്നാം തരംഗത്തെ പ്രതിരോധിക്കുന്നതിനുള്ള കർമ്മപദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | മൂന്നാം തരംഗ സാദ്ധ്യതയെക്കുറിച്ച് കൃത്യമായ അറിയിപ്പുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ലെങ്കിലും, രോഗികളുടെ എണ്ണം കൂടുതൽ ആകുന്ന സാഹചര്യം നേരിടുന്നതിനുവേണ്ട മുന്നൊരുക്കങ്ങൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. രോഗസാധ്യത കൂടിയ 60 വയസ്സിനു മുകളിൽ പ്രായം ചെന്നവർ, ഗർഭിണികൾ, ചെറിയ കുട്ടികൾ, ഭിന്നശേഷിക്കാർ, കാൻസർ, ഹൃദ്രോഗം, വൃക്കസംബന്ധമായ അസുഖങ്ങൾ എന്നിങ്ങനെ ഗുരുതരമായ രോഗബാധയുള്ളവർ, കിടപ്പു രോഗികൾ എന്നിവരെ കൊറോണ രോഗികളുമായുള്ള സമ്പർക്കം ഒഴിവാക്കുന്നതിനായി റിവേഴ്സ് ക്വാറന്റൈൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ചികിത്സയിലും |

നിരീക്ഷണത്തിലുമുള്ളവർക്ക് മാനസിക പിന്തുണ ഉറപ്പാക്കുന്നതിനും, മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ മാനസികാരോഗ്യം പദ്ധതിയുമായി ബന്ധപ്പെട്ട് "ഒറ്റയ്ക്കല്ല – ഒപ്പമുണ്ട്" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കോവിഡ് ക്ലസ്റ്ററുകൾ പ്രത്യേകം കണ്ടെത്തുകയും അവിടെ കണ്ടെയിൻമെന്റ് സോണുകൾ തിരിച്ച് വ്യാപനം തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കോവിഡ് പ്രതിരോധ വാക്സിനുകൾ പരമാവധി ആളുകളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് ആശുപത്രികളിൽ അധിക മാനവ വിഭവശേഷിയും, അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ / സ്വകാര്യ ആശുപത്രികളിൽ കൂടുതൽ ICU കിടക്കകളും, വെന്റിലേറ്റർ സൗകര്യങ്ങളും, ഓക്സിജൻ ബെഡ്ഡുകളും സജ്ജീകരിച്ചിട്ടുണ്ട്. ആശുപത്രികൾക്കാവശ്യമായ ഓക്സിജൻ ലഭ്യത ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന/ജില്ലാ തലങ്ങളിൽ വാർറൂമുകൾ ക്രമീകരിച്ചിട്ടുണ്ട്. ഓക്സിജൻ ലഭ്യത തടസ്സപ്പെടാതിരിക്കുന്നതിനായി ഓക്സിജൻ പ്ലാന്റുകളും സ്ഥാപിച്ചു വരുന്നുണ്ട്. ഓക്സിജൻ ഓഡിറ്റും സ്ഥാപന തലത്തിൽ നടത്തി വരുന്നു. സ്വകാര്യ ആശുപത്രികളിലെ 50% കിടക്കകൾ കോവിഡ് രോഗികൾക്കായി മാറ്റി വയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ സർക്കാർ ആശുപത്രികളെ കോവിഡ് ആശുപത്രികളാക്കി മാറ്റുന്നതിനാവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയുള്ള DCC, CFLTC, CSLTC എന്നിവയുടെ എണ്ണവും കിടക്കകളുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്. ദൈനംദിന കോവിഡ് പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. ഒരു ലക്ഷത്തിനു മുകളിൽ പ്രതിദിന ടെസ്റ്റുകൾ നടത്തി വരുന്നുണ്ട്. ജനിതകമാറ്റം സംഭവിച്ച വൈറസുകളുടെ ട്രാൻസ്മിഷൻ കണ്ടെത്തുന്നതിന് Sentinal Surveillance Site ആരംഭിച്ചു. സാമ്പിളുകൾ NIV-പൂനെ, IGIB – ഡൽഹി, RGCB – തിരുവനന്തപുരം എന്നിവിടങ്ങളിൽ അയച്ച് പരിശോധിച്ചു വരുന്നു. കോവിഡുമായി ബന്ധപ്പെട്ട മ്യൂക്കർ മൈക്കോസിസ് (ബ്ലാക്ക് ഫംഗസ്) രോഗബാധയുടെ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി 16-05-2021 ന് ടെക്നിക്കൽ ഗൈഡ്‌ലൈൻ സർക്കാർ തലത്തിൽ പുറപ്പെടുവിക്കുകയും അത് പിൻതുടരുകയും ചെയ്തു വരുന്നു. കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മ്യൂക്കർ മൈക്കോസിസ് രോഗങ്ങളെപ്പറ്റി വിശദമായ

പഠനങ്ങൾക്കായി വിവിധ മേഖലകളിലെ ആരോഗ്യ വിദഗ്ധരെ ഉൾക്കൊള്ളിച്ച് 27-05-2021 ന് സർക്കാർ തലത്തിൽ കമ്മിറ്റി രൂപീകരിച്ച് പഠനം ആരംഭിച്ചിട്ടുണ്ട്. ബ്ലാക്ക് ഫംഗസ് ചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ ലഭ്യതയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം ഉറപ്പാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലെയും സർക്കാർ / സ്വകാര്യ ആശുപത്രികളിലെയും, ഡോക്ടർമാർക്കും, ജീവനക്കാർക്കും ICU / വെന്റിലേറ്റർ ട്രെയിനിംഗ്, ബ്ലാക്ക് ഫംഗസ്, ഇൻഫെക്ഷൻ കൺട്രോൾ എന്നിവയിൽ നിരന്തരം പരിശീലനം നൽകി വരുന്നു. കോവിഡേതര രോഗികളെ ചികിത്സിക്കുന്നതിനായി E-Sanjeevani Tele Consultation Platform സജ്ജീകരിക്കുകയും ഇതുവഴി വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ഈ സേവനം വീടുകളിൽ ചികിത്സയിൽ കഴിയുന്ന കോവിഡ് രോഗികൾക്കും ലഭ്യമാണ്. കോവിഡ് മുക്തരായവരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പി.എച്ച്.സി./ സി.എച്ച്.സി. തലങ്ങളിൽ പ്രവർത്തിച്ചുവരുന്നു. താലൂക്ക് / ജില്ലാ / ജനറൽ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും പോസ്റ്റ് കോവിഡ് റഫറൽ ക്ലിനിക്കുകളും പ്രവർത്തിച്ചു വരുന്നു. ജീവനക്കാർക്കും, പൊതുജനങ്ങൾക്കും അവബോധം നൽകുന്നതിനായി എല്ലാ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നിരന്തരമായി നടത്തി വരുന്നു. മൂന്നാം തരംഗത്തിൽ രോഗം കുട്ടികളെയും ബാധിക്കുമെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. അതോടൊപ്പം identification, testing, tracking, tracing, quarantine, treatment എന്നിങ്ങനെ വ്യാപനം തടയുന്നതിന് ആവശ്യമായ എല്ലാ കാര്യങ്ങളും നടത്തി വരുന്നു. കൂടാതെ ശിശുരോഗ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. അതിനായി പരിശോധനയും നിരീക്ഷണവും ഫലപ്രദമായി നടത്തുകയും തൃതീയ തലത്തിലുള്ള ആശുപത്രികളിൽ care & support unit, HDUs, Paediatric ICUs എന്നിവ സജ്ജമാക്കും. അതോടൊപ്പം ശിശുരോഗവിഭാഗത്തിന്റെ ചികിത്സയ്ക്കായി പ്രത്യേക പ്രോട്ടോക്കോൾ പുറപ്പെടുവിക്കുകയും ഇക്കാര്യത്തിൽ അവബോധം സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കോവിഡിന്റെ മൂന്നാം

| | | | |
|---|---|---|---|
| | | | തരംഗം ഉണ്ടായാൽ അതിനെ നേരിടുന്നതിനായി ആരോഗ്യ സംവിധാനങ്ങൾ സജ്ജമാക്കി നിർത്തുന്നതിനായി 6 ഇനങ്ങൾ അടങ്ങുന്ന ഒരു കർമ്മ പരിപാടിയ്ക്ക് 2021-22 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. |
| (സി) | കോവിഡിന്റെ മൂന്നാം തരംഗം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും അറിയിപ്പുകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (സി) | ഔദ്യോഗിക അറിയിപ്പുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. |
| (ഡി) | കോവിഡിന്റെ മൂന്നാം തരംഗം സംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങൾ സംസ്ഥാനതലത്തിൽ നടത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ? | (ഡി) | ടെസ്റ്റ് പോസിറ്റിവിറ്റി, ക്ലസ്റ്റർ രൂപപ്പെടുന്നതിന്റെ വ്യാപ്തി, അണുബാധയ്ക്കുള്ള കാരണം, അണുബാധ വളരെ കൂടുതൽ സംഭവിക്കുന്നത് ആർക്കാണ് എന്നിവ നിരീക്ഷിച്ചാണ് കോവിഡ് മഹാമാരിയുടെ വ്യാപനം പഠിക്കുന്നത്. അതിനാൽ പുതിയ കേസ്സുകൾ കണ്ടെത്തുന്നതിനുള്ള പരിശോധന സംസ്ഥാനം തുടരും. അതോടൊപ്പം ചെറുപ്പക്കാരിലും കുട്ടികളിലും പുതിയ കേസുകൾ കണ്ടെത്തുന്നതിന് പരിശോധന നടത്തും. അണുബാധ നിലവിലുള്ള Virus Strain കാരണമാണോ അതോ പുതിയ മ്യൂട്ടന്റ് വൈറസ് കൊണ്ടാണോ എന്ന് വിലയിരുത്തുന്നതിന് ക്ലസ്റ്ററുകളിൽ നിന്നുള്ള സാമ്പിളുകൾ Genome സ്റ്റഡിയ്ക്ക് വിധേയമാക്കും. മ്യൂട്ടന്റ് വൈറസുകളുടെ വ്യാപനശേഷിയും രോഗതീവ്രതയും വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ, വിദഗ്ധ സമിതിയുടെ ശുപാർശയെ അടിസ്ഥാനമാക്കി പുതിയ മ്യൂട്ടന്റ് വൈറസ് ബാധിച്ച പ്രദേശങ്ങളിൽ പ്രതിരോധ തന്ത്രങ്ങൾ ആവിഷ്കരിക്കുകയും അണുബാധ പടരാനുള്ള സാധ്യത കുറയ്ക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്യും. കുട്ടികൾക്കിടയിലെ കോവിഡ് വ്യാപനത്തോതിൽ എന്തെങ്കിലും വർദ്ധനവ് ഉണ്ടോയെന്ന് അറിയാൻ പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തും. അതോടൊപ്പം മുതിർന്നവരിൽ കോവിഡ് കേസുകൾ പെട്ടെന്ന് വർദ്ധിക്കുന്നത് നിരീക്ഷിക്കാൻ നിലവിലെ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ